# വിശുദ്ധീകരിക്കപ്പെട്ടതും ഉപയോഗപ്രദവുമായിരിക്കാൻ ആഗ്രഹിക്കുക

സാക് പുന്നൻ

WFTW 10 ഏപ്രിൽ 2016

ഒരു യഥാർത്ഥ ദൈവഭൃത്യൻറെ സ്വഭാവ വിശേഷങ്ങളിലൊന്ന്, അവൻ ഒരു വിശുദ്ധപാത്രം ആയിരിക്കണമെന്നുള്ളതാണ്, തന്നെത്താൻ വെടിപ്പാക്കുന്ന ഒരു പാത്രം (2 തിമൊ.2:20,21). പുതിയനിയമത്തിൽ രണ്ടുതരം വെടിപ്പാക്കലുകളെപറ്റി പറഞ്ഞിരിക്കുന്നു. ഒന്ന് ദൈവം ചെയ്യുന്ന വെടിപ്പാക്കൽ : 'യേശുവിൻറെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം അവിടുന്ന് വിശ്വസ്തനും നീതിമാനുമാകുന്നു' (1 യോഹ. 7:9). ദൈവം നമ്മെ പാപത്തിൻറെ കുറ്റത്തിൽനിന്നും വെടിപ്പാക്കുന്നു. അത് നമുക്ക് ചെയ്യാൻ കഴിയുകയില്ല. യേശുവിൻറെ രക്തത്തിനു മാത്രമെ അത് ചെയ്യാൻ കഴിയുകയുള്ളു. രണ്ടാമത്തെ വെടിപ്പാക്കൽ നാം തന്നെ ചെയ്യേണ്ടിയ ഒരു കാര്യമാണ്. ('ഒരുവൻ തന്നെത്താൻ വെടിപ്പാക്കുന്നുവെങ്കിൽ' 2 തിമൊ.2:21) ഇത് ഒരു നാണയത്തിൻറെ രണ്ട് വശങ്ങൾ പോലെയാണ്. ദൈവം നമ്മുടെ കഴിഞ്ഞകാല പാപത്തെ വെടിപ്പാക്കുന്നു. അതോടൊപ്പം നാം നമ്മുടെ ജീവിതത്തിൽ കാണുന്ന തെറ്റുകളിൽ നിന്ന് നമ്മെത്തന്നെ വെടിപ്പാക്കുന്നു.

നിങ്ങൾക്ക് മറ്റുള്ളവരെ മുറിവേൽപ്പിക്കുന്ന തമാശകൾ പറയുന്ന ശീലമുണ്ടായിരിക്കും. ഇത് യേശു ഒരിക്കലും ചെയ്യാത്ത ഒരു കാര്യമാണ്. അതിനെ വെടിപ്പാക്കി ദൂരെ ആക്കുവാൻ ദൈവത്തോട് ആവശ്യപ്പെടരുത് 'കർത്താവേ ഞാൻ എന്നെത്തന്നെ വെടിപ്പാക്കുവാൻ പോവുകയാണ്. അവിടുത്തെ സഹായത്താൽ, ഞാൻ ഈ ദുശ്ശീലം ഉപേക്ഷിക്കാൻ പോകുകയാണ്' എന്നു പറയുക. അല്ലെങ്കിൽ മറ്റുള്ളവരുടെ കാര്യങ്ങളിൽ നിങ്ങളെ തിരക്കുള്ളവനാക്കുന്ന ഒരു ആകാംക്ഷ ഒരുപക്ഷേ നിങ്ങൾക്കുണ്ടായിരിക്കാം. നിങ്ങളെ ഒരു തരത്തിലും സംബന്ധിക്കാത്ത കാര്യങ്ങളിൽ താല്പര്യമുള്ളവനാകുന്നതിൽ നിന്ന് നിങ്ങൾ നിങ്ങളെതന്നെ വെടിപ്പാക്കണം. അങ്ങനെ ഒരുവൻ അവനെതന്നെ വെടിപ്പാക്കിയാൽ, അവന് വിശുദ്ധീകരിക്കപ്പെട്ടതും യജമാനന് പ്രയോജന പ്രദവുമായ ഒരു പാത്രം ആയിരിക്കുവാൻ കഴിയും.

ഭൂമിയിലെ എൻറെ ഒരു ജീവിതത്തിലൂടെ ദൈവത്തിന് ചെയ്യാൻ കഴിയുന്ന ഓരോ നല്ല പ്രവൃത്തിക്കും ഉപയോഗപ്രദമായ ഒരു നല്ല പാത്രമായിരിക്കുക എന്നതായിരുന്നു അനേക വർഷങ്ങളായിട്ട് എൻറെ ജീവിതത്തിൻറെ വാഞ്ഛ. നാം കൂടിപ്പോയാൽ ഈ ഭൂമിയിൽ എൺപതോ തൊണ്ണൂറോ വർഷങ്ങൾ ജീവിച്ചേക്കാം. നമ്മുടെ ജീവിതത്തിലെ ഓരോ വർഷവും ദൈവത്തിനായി എണ്ണണം. നിങ്ങൾക്ക് അങ്ങനെ ഒരു ജീവിതം ജീവിക്കണമെങ്കിൽ ദിനംതോറും നിങ്ങളെത്തന്നെ വെടിപ്പാക്കണം. നിഷ്പ്രയോജനകരമായ കാര്യങ്ങൾ നിങ്ങൾക്കു കാണിച്ചു തരുവാൻ കർത്താവിനോട് ചോദിക്കുക എന്നിട്ട് അവയെ കഴുകിക്കളയുക. നിങ്ങളുടെ ജീവിതം നിരന്തരമായ ശുദ്ധീകരണം നടക്കുന്ന ഒന്നായിരിക്കട്ടെ. ഈ കാര്യത്തിൽ നിങ്ങൾ ഗൗരവമുള്ളവനാണെങ്കിൽ, നിങ്ങൾ ഉടമസ്ഥന് ഉപയോഗപ്രദമായ ഒരു പാത്രമായിരിക്കും. ഉപയോഗശൂന്യമായ അനേകം പാത്രങ്ങൾ സഭയിലുണ്ട്.

പൗലൊസ് ക്രിസ്ത്യാനികളെ ഒരു വീട്ടിലെ വ്യത്യസ്ത തരം പാത്രങ്ങളോട് താരതമ്യം ചെയ്യുന്നു. ഒരു വലിയ വീട്ടിൽ പൊന്നും വെള്ളിയും കൊണ്ടുള്ള പാത്രങ്ങൾ ഉള്ളതുപോലെ തടിയും മണ്ണുംകൊണ്ടുള്ള പാത്രങ്ങളും ഉണ്ട്. വിലകൂടിയ പാത്രങ്ങൾ അതിഥികൾക്കുവേണ്ടി ഉപയോഗിക്കുന്നു, വില കുറഞ്ഞവ അടുക്കളയിലൊ അല്ലെങ്കിൽ ചപ്പുചവറുകൾ ഇടാനൊ ഉപയോഗിക്കുന്നു. നിങ്ങൾ പാപം വിട്ടൊഴിഞ്ഞു നിന്നാൽ നിങ്ങൾ പരിശുദ്ധമായ സ്വർണ്ണംകൊണ്ടുണ്ടാക്കിയ പാത്രങ്ങൾ പോലെയുള്ള ഒരുവനായിരിക്കും. വീട്ടിലെ ഏറ്റവും നല്ലത് അവിടുത്തെ ഉന്നതമായ ഉദ്ദേശ്യങ്ങൾക്കായി ക്രിസ്തുവിനു തന്നെ നിങ്ങളെ ഉപയോഗിക്കാൻ കഴിയത്തക്കവിധം' (2 തിമൊ.2:20,21 ലിവിംഗ്).

എന്നാൽ ഉപയോഗത്തെക്കുറിച്ച് മാത്രം ചിന്തിക്കരുത്. അനേകം ആളുകൾക്കും ദൈവം അവരെ ഇപയോഗിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. ഒരു വീട്ടിൽ ആളുകൾ തങ്ങളുടെ സ്വർണ്ണപാത്രങ്ങളേക്കാൾ കൂടുതൽ ഉപയോഗിക്കുന്നത് മരപാത്രങ്ങളേയാണ്. എന്നാൽ ഏതു പാത്രത്തിനാണ് കൂടുതൽ വിലയുള്ളത് ? നിങ്ങൾക്ക് നിങ്ങളുടെ പ്രയോജനത്തെക്കുറിച്ചാണോ അതോ നിങ്ങളുടെ ആത്മീയമൂല്യത്തെക്കുറിച്ചാണോ കൂടുതൽ കരുതലുള്ളത് ? അവിടുത്തെ വേലയിൽ നിങ്ങളെക്കൊണ്ടുള്ള പ്രയോജനത്തേക്കാൾ അധികം ദൈവം വിലമതിക്കുന്നത് നിങ്ങളുടെ ആത്മീയമൂല്യത്തെയാണ്. ദൈവം അവിടുത്തെ വേല ചെയ്യാൻ അനേകം ആളുകളെ ഉപയോഗിക്കുന്നു പിശാചിനേപ്പോലും. പിശാച് ഒരിക്കൽ പൗലൊസിൻറെ ജഡത്തിലേയ്ക്ക് ഒരു മുള്ളിനെ ഒരു ദൂതനെപ്പോലെഅയച്ചു ദൈവം അത് പൗലൊസിനെ എളിമയുള്ളവനാകാൻ ഉപയോഗിച്ചു. ദൈവം ബിലയാമിനെ ഉപയോഗിച്ചു. ദൈവം ശലേമോനെ ദൈവവചനം എഴുതുവാൻ പോലും ഉപയോഗിച്ചു; എന്നാൽ അതിനുശേഷം അവൻ നരകത്തിലേക്കു പോയി. അതുകൊണ്ട് ദൈവം നിങ്ങളെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു എന്ന കാര്യത്തിൽ നിങ്ങൾ ഒരിക്കലും പുകഴരുത്. യേശുവിൻറെ നാമത്തിൽ പ്രവചിച്ചവരും, വീര്യപ്രവൃത്തികൾ ചെയ്തവരുമായ അനേകർ അന്ത്യനാളിൽ ഉപേക്ഷിക്കപ്പെടും (മത്താ. 7:22,23). അതുകൊണ്ട് ദൈവത്താൽ ഉപയോഗിക്കപ്പെടുന്നത് അല്ല പ്രധാന കാര്യം. നിങ്ങളുടെ ആന്തരിക യോഗ്യത എന്താണ് ? നിങ്ങൾ ഒരു സ്വർണ്ണപാത്രമാണോ ?

ഒരു വീടിന് തീ പിടിക്കുമ്പോൾ, ആളുകൾ ഓടുന്നത് അവരുടെ സ്വർണ്ണപാത്രങ്ങളും വെള്ളിപാത്രങ്ങളും എടുത്ത് മാറ്റുവാനാണ് അല്ലാതെ അവരുടെ മൺഭരണികളെ അല്ല. ലോകം അഗ്നിയിലാകുമ്പോഴും അങ്ങനെതന്നെ ആയിരിക്കും. 'ഞാൻ എൻറെ ആഭരണങ്ങളുടെ കുറവ് തീർക്കുന്ന ആ നാളിൽ, അവർ എൻറേതായിരിക്കും എന്ന് സർവ്വശക്തനായ കർത്താവ് അരുളിച്ചെയ്യുന്നു. അപ്പോൾ ദൈവത്തെ സേവിച്ചവരും സേവിക്കാത്തവരും തമ്മിലുള്ള വ്യത്യാസം നിങ്ങൾ കാണും' (മലാ. 3:17,18 ലിവിംഗ്). നിങ്ങൾ ഇപ്പോൾ ഒരു വിലകുറഞ്ഞ മൺപാത്രമാണെങ്കിലും നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ കാണുന്ന ക്രിസ്തനുരൂപമല്ലാത്ത ഓരോ കാര്യങ്ങളിൽനിന്നും നിങ്ങൾ നിങ്ങളെത്തന്നെ ശുദ്ധീകരിക്കുക വഴി നിങ്ങൾക്കും ഒരു സ്വർണ്ണപാത്രമായിത്തീരാൻ കഴിയും.

നിങ്ങൽ നിങ്ങളേത്തന്നെ വെടിപ്പാക്കുവാൻ തീരുമാനിക്കുന്നെങ്കിൽ, നിങ്ങൾ ഒന്നാമത് വിട്ടോടേണ്ടിയ കാര്യങ്ങളിൽ ഒന്നാണ് യൗവ്വന മോഹങ്ങൾ (2 തിമൊ.2:22). ഈ സമയത്ത് ഏതാണ്ട 45 വയസ്സു പ്രായമുള്ള തിമോഥെയോസിനെപ്പോലെയുള്ള ഒരു മനുഷ്യനു പോലും യൗവ്വനമോഹങ്ങളെ വിട്ടോടേണ്ടിയിരുന്നു. പൂർണ്ണഹൃദയമുള്ളവനായ ഈ സഹോദരൻ തിമോഥെയേസിനോട് പൗലൊസ് പറഞ്ഞത് ഈ മേഖലയിൽ പാപം ചെയ്യുന്നതിൽ നിന്നും രക്ഷപ്പെടാനുള്ള ഏകമാർഗ്ഗം പ്രലോഭനത്തിൽ നിന്ന് ഓടിമാറുക എന്നുള്ളത് മാത്രമാണ് എന്നാണ്. ഈ മേഖലയിൽ പ്രലോഭിപ്പിക്കപ്പെടാൻ കഴിയാത്തവിധം താൻ പ്രായമുള്ളവനാണ് എന്ന് അദ്ദേഹം ചിന്തിക്കേണ്ടതില്ല. നിങ്ങൾക്ക് 45 വയസ്സു പ്രായമുള്ളതുകൊണ്ട് നിങ്ങൾ

പ്രലോഭിപ്പിക്കപ്പെടുകയില്ല എന്ന് നിങ്ങൾ സങ്കൽപ്പിക്കരുത്. അത്തരം പാപങ്ങൾ നിങ്ങളെ താഴേക്ക് വലിച്ചുകൊണ്ടു പോയിട്ട് നിങ്ങളുടെ ശുശ്രൂഷയെ നശിപ്പിക്കുവാൻ നിങ്ങൾ അനുവദിക്കരുത്.

'നിർമ്മലഹൃദയത്തോടെ കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടും ചേർന്ന് നീതിയെ പിന്തുടരുക' (2 തിമൊ.2:22). മറ്റു വാക്കുകളിൽ പറഞ്ഞാൽ പ്രാഥമികമായി നിർമ്മലതയെ അന്വേഷിക്കുന്നവരുമായിട്ട് ആയിരിക്കണം നാം കൂട്ടായ്മക്കായി അന്വേഷിക്കുന്നത്. അത് നമ്മെ പാപം വിട്ടോടുവാൻ സഹായിക്കും. തങ്ങളുടെ മുഴു ഹൃദയം കൊണ്ട് നിർമ്മലത ആഗ്രഹിക്കുന്നവരായിരിക്കണം ഭൂമിയിലെ നമ്മുടെ ഏറ്റവും നല്ല സ്നേഹിതർ. അനേകം വിശ്വാസികളും താഴ്ന്ന നിലവാരമുള്ളവരും ദൈവഭക്തിയിൽ താല്പര്യമില്ലാത്തവരുമാണ്. എന്നാൽ നാം നമ്മുടെ അധികം സമയവും ചിലവഴിക്കുന്നത് ഒരു വിശുദ്ധജീവിതം ജീവിക്കുവാൻ ആഗ്രഹിക്കുന്നവരുമായിട്ടായിരിക്കണം.

ഒരാൾക്ക് ഒരു നിർമ്മലഹൃദയമുണ്ട് എങ്കിൽ നമുക്ക് എങ്ങനെ അറിയാൻ കഴിയും ? യേശു പറഞ്ഞത് ആളുകളുടെ ഹൃദയം നിറഞ്ഞു കവിയുന്നത് അവരുടെ വായ് പ്രസ്താവിക്കന്നു എന്നതാണ് (മത്താ. 12:34).ഒരു മനുഷ്യൻറെ ഹൃദയത്തെ നിറയ്ക്കുന്നത് എന്താണെന്ന് അയാൾ സംസാരിക്കാൻ ഇഷ്ടപ്പെടുന്ന കാര്യങ്ങളിൽ നിന്നുമറിയാം. അയാൾ എപ്പോഴും സംസാരിക്കുന്നത് പണത്തെക്കുറിച്ചും ഭൗതികവസ്തുക്കളെക്കുറിച്ചുമാണെങ്കിൽ, അതിൻറെ കാരണം അയാളുടെ ഹൃദയം പണത്തിൻറെ ചിന്തകളാൽ നിറഞ്ഞിരിക്കുന്നു എന്നതാണ്. മറുവശത്ത്, ഒരു മനുഷ്യൻ അധികവും കർത്താവിനെക്കുറിച്ച് പറയാനാഗ്രഹിക്കുന്നെങ്കിൽ, അയാളുടെ ഹൃദയത്തിൽ നിറയ്ക്കുന്നത് അതാണെന്ന് നിങ്ങൾക്കറിയാം. യേശുവിനേപ്പോലെ ആകുവാൻ ആഗ്രഹിക്കുന്നവരുമായി കൂട്ടായ്മ ആചരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. നാം കർത്താവിനെ സ്നേഹിക്കുമ്പോൾ നാം അവിടുത്തെക്കുറിച്ച് സംസാരിക്കുവാൻ ഇഷ്ടപ്പെടുന്നു. ഇതാണ് കർത്താവിനുവേണ്ടിയുള്ള ഫലപ്രദമായ ശുശ്രൂഷയുടെ രഹസ്യം.